| | |
|---|---|
| 1 | ടി വി പുരം സേക്രട്ട് ഹാർട്ട് പള്ളി പാരിഷ് ഹാൾ |
| 2 | സെന്റ് ജോസഫ് ഫൊറോന പള്ളി പള്ളിപ്പുറത്തുശ്ശേരി |
| 3 | ശ്രീനാരായണേശ്വരപുരം സുബ്രമണ്യ ക്ഷേത്രം ചെമ്മനത്തുകര ഹാൾ |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/10.12.24) ലഭ്
മറുപടിയിൽ മേൽ പരാമർശം ധനകാര്യ സ്ഥിരം സമിതിയുടെയും പ
ഭരണസമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതും ഓഡിറ്റ് എൻക്വ
സൂചിപ്പിച്ച ഹാളുകൾ/ഓഡിറ്റോറിയങ്ങൾ ഉൾപ്പെടെ ഗ്രാമപഞ്ചാ
വാടകയീടാക്കി സേവനം വിട്ടു നൽകുന്ന എല്ലാത്തരം കെട്ടിടങ്ങളും സ
ഉൾപ്പെടുത്തി നികുതി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് മറുപട
വിശദമായ ഫീൽഡ് പരിശോധന നടത്തി ചട്ടപ്രകാരമല്ലാതെ വസ്
ഒഴിവാക്കിയ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം
സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനി
സർചാർജ്ജും) 2011 ചട്ടം 6(3) പ്രകാരം തറനിർമ്മിതിയുടെ തരം അ
അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്താവു
ഗ്രാമപഞ്ചായത്തിലെ 2023-24 സപ്ളിമെന്ററി അസസ്മെന്റ്

പരിശോധിച്ചതിൽ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള താഴെ ക കെട്ടിടങ്ങളുടെ തറനിർമ്മിതിയുടെ തരം, മേൽത്തരം തടി, ഇറ്റാലിയൻ മ ഗ്രാനൈറ്റ് ഗണത്തിൽപ്പെട്ടതാണോയെന്ന പരിശോധന നടത്താതെ വസ്തു നിർണ്ണയിച്ചതായി കാണുന്നു.

| ക്രമനമ്പർ | വാർഡ് നം/ കെട്ടിട നമ്പർ | ഉടമ | കെട്ടിടത്തിന്റെ ഉപയോഗം | വിസ്തീർണ്ണം(ച മീ) |
|---|---|---|---|---|
| 1 | 2/421 | എം ഒ വർഗ്ഗീസ് & നാൻസി മോൾ | പാർപ്പിടാവശ്യം | 270.86 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധ ഉടമസ്ഥർ സമർപ്പിച്ച ഫോറം 2 ൽ തറനിർമ്മിതിയുടെ തരം രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ഫീൽഡ് പരി റിപ്പോർട്ടിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലില്ല. ആയതിനാൽ കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് ഉറപ്പാക്കാതെ നികുതി ന നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (9/07.12.2024) ലഭ്യമാക്കിയ മറുപടിയിൽ ഫീൽഡ് പര നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അ വിശദമായ ഫീൽഡ് പരിശോധന നടത്തി നികുതി പരിഷ്കരിച്ച് കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വസ്തുനികുതിപരിഷ്കരണം - സർവ്വേനടപടികൾ പൂർത്തിയായി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി 22.3.2023 31.3.2023 വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വി ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉടമകളിൽനിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിന് നിർദ്ദേശി ഗ്രാമപഞ്ചായത്തിലെ ഫീൽഡ് പരിശോധന നടപടികളുടെ നിലവിലെ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (8/7.12.24) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മറ്റിയുടെ ലെ 1/3,25.09.23 ലെ 5/1 തീരുമാനങ്ങൾ പ്രകാരം 4 പേരെ ഫീൽഡ് പരിശോധന നിയോഗിച്ചുവെന്നും ഫീൽഡ് പരിശോധന നടത്തി ഡേറ്റാ എൻട്രി നടത്ത നിശ്ചയിച്ച പ്രതിഫലമായ 30/- രൂപ അപര്യാപ്തമായതിനാൽ 3 പേർ സർവ്വേയിൽ നിന്നും പിൻമാറിയതായും അറിയിച്ചു. കൂടാതെ പൂർത്തിയായ വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തുന്നതിന് സഞ്ചയ സോഫ്റ്റ്വെയറിൽ സംവിധാനമില്ലായെന്നും മറുപടിയിൽ സെക്രട്ടറി ഓഡിറ്റിനെ അ ഇക്കാരണങ്ങളാൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. 31/03/2023 വരെ നിർണ്ണയം നടത്തിയ എല്ലാ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കപ്പെട്ട ശേഷം ഉപയോഗക്രമം, പ്ലിന്ത് എയർ കണ്ടീഷൻ, തറ നിർമ്മിതിയുടെ തരം തുടങ്ങിയവയിൽ വ വരുത്തുകയോ അധിക നിർമ്മാണം നടത്തുകയോ ടെറസ് റൂഫിങ്ങ് നടത ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പാക്കേണ്ടതും കെട്ടിടത്തിന്റെ മേ പ്രവേശനമാർഗ്ഗമായ റോഡിന്റെ തരവും ഡേറ്റാബേസിലേത് ഫീൽഡ് ഡേ

വ്യത്യാസമുണ്ടോ എന്നും ഉറപ്പ് വരുത്തി അപാകത കണ്ടെത്തുന്ന കെട്ടിട റഗുലറൈസേഷൻ, ഫീൽഡ് പരിശോധന ഡാറ്റായുടെ അടിസ്ഥാനത്തിൽ ഡേറ്റാബേസിന്റെ പ്യൂരിഫിക്കേഷൻ, ആവശ്യമായ നികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്. സർവ്വേ, ഡേറ്റാ എൻട്രി എന്നിവ പൂർത്തീകരിക്കു സാങ്കേതിക വിഷമതകൾ സർക്കാരിനെ അറിയിക്കേണ്ടതും മേൽ പ്രകാരമുള്ള നടപടികൾ എല്ലാം പൂർത്തീകരിച്ച ശേഷം വിശദാംശങ്ങൾ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വ്യത്യസ്ത കെട്ടിടങ്ങളു വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നി സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കു സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വ റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധ മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുറ പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങ തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിട വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ഉദ ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | കെട്ടിട നമ്പർ | ഉടമസ്ഥൻ | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|
| വൈക്കം ടി വി പുരം റോഡ് (വാർഡ് 14) | 10/A | സ്വപ്ന പടിഞ്ഞാറേ തോട്ടുങ്കൽ | 5 മീറ്ററോ അതിൽ കുടുതൽ |
| | 227/B | പുരുഷോത്തമൻ കോടപ്പള്ളി | 1.5 മീറ്ററിൽ കുടുതൽ വീതിയുള്ള റോഡ് |

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ലഭ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (10/07.12.24) ലഭ്യമാക്കിയ മറു ഫീൽഡ് പരിശോധന നടത്തി ആവശ്യമായ തുടർന സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വിശദമായ ഫീൽഡ് പരിശോധന നികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20-1 കരാറുകാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്ക

ടി വി പുരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ട് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പ പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ ക ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പ മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത കരാറുകാരുടെ താഴെ ചേർക്കുന്നു.

| ക്രമ നം. | 2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ടി വി മനോജ് |
| 2. | ടി എസ് അശോകൻ |
| 3. | വിൻസൺ ടി ആന്റണി |
| 4. | കെ എൻ ശശിധരൻ |
| 5. | ജോജി ജോസഫ് |
| 6. | രാജീവ് പി പി |
| 7. | ഷാജി പി എസ് |
| 8. | സേവ്യർ സി എം |
| 9 | റോബി സേവ്യർ |
| 10 | റോജി സേവ്യർ |
| 11 | സപ്തമി സി വി |
| 12 | പി ഡി സുരേഷ്കുമാർ |
| 13 | അനിൽകുമാർ എൻ |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമാ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി നഷ്ടത്തിനും രേഖാമൂലം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകി എൻക്വയറിക്ക് (7/7.12.2024) ലഭ്യമാക്കിയ മറുപടിയിൽ 2023-24 വർഷം വിവിധ പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ ഈടാക്കുന്നതിന് കരാറുകാരുടെ വിലാസം ഉൾപ്പെടെയുള്ള വിശദ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ആവശ്യപ്പെട്ടതായും 2024-25 സാ വർഷം മുതൽ കരാറുകാർക്ക് അന്തിമ ബിൽ നൽകുന്നതിന് മുൻപായി നികുതി ഈടാക്കിയെന്നുറപ്പാക്കണമെന്ന് അസി.എഞ്ചിനീയർക്ക് നൽകിയതായും അറിയിച്ചു. തുടർ നടപടികളുടെ വിവരങ്ങൾ ഒ അറിയിക്കേണ്ടതാണ്.

## 1-20 ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികു ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പ പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊ

കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപന ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുന്നതായി കാണുന്നില്ല.വിശദാംശങ്ങ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | കയർ വ്യവസായ കോ ഓപ്പറേറ്റീവ് സൊസൈറ്റി,ടി വി പുരം | 1,2 |
| 2 | ഡിജിറ്റൽ സേവാ കേന്ദ്രം മറ്റപ്പള്ളി | 1,2 |
| 3 | അക്ഷയ സെന്റർ ടി വി പുരം | 1,2 |
| 4 | ജീവൻ ഫാം ടി വി പുരം | 1,2 |
| 5 | വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ | 1,2 |

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതായി കാണുന്നില്ല. വിശദാ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | കയർ വ്യവസായ കോ ഓപ്പറേറ്റീവ് സൊസൈറ്റി,ടി വി പുരം | 1,2 |
| 2 | ഗുഡ്‌വിൽ ഫിനാൻസ് ടി വി പുരം | 1,2 |
| 3 | ഐശ്വര്യ ഫിനാൻസ് ടി വി പുരം | 1,2 |
| 4 | വലിയതറയിൽ ഫിനാൻസ് ടി വി പുരം | 1,2 |

മേൽ സ്ഥാപനങ്ങൾ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ അടവാക്കിയിട്ടുണ്ടങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (12/09.12.2024) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ സ്ഥാപന തൊഴിൽ ഈടാക്കി വിവരം രേഖകൾ സഹിതം ഒ അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്ത

ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ട എല്ലാ വ്യക്തികളും/സ്ഥാപ
ബാധകമായ തൊഴിൽ നികുതി ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. (
സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-21 വാടക - ബൈലോ നിലവിലില്ല.

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സിലെ രണ്ട് മുറികൾ,പഞ്ചായത്ത് കമ്മ്യൂണി
എന്നിവയിൽ നിന്നും വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാനമുണ്ട്. (
ധനകാര്യ പത്രിക പ്രകാരം 2023-24 സാമ്പത്തിക വർഷം 66300/- (
വാടകയിനത്തിലെ വരവ്. കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നതിന് സ
2023-24 വർഷം മുതലാണ്. പഞ്ചായത്ത് ഭരണസമിതിയുടെ വിവിധ തീരുമാന
അടിസ്ഥാനത്തിലാണ് വാടക നിരക്ക്, വാടകയ്ക്ക് നൽകുന്നത് സ
വ്യവസ്ഥകൾ എന്നിവ നിലവിൽ നടപ്പാക്കുന്നത്. വാടക സംബന്ധിച്ച് (
അംഗീകാരത്തോടെയുള്ള ബൈലോ നിലവിലില്ല. 31.05.2023 ലെ 2/1 തീരുമാന
കമ്മ്യൂണിറ്റി ഹാളിന്റെ വാടക,വാടകയ്ക്ക് നൽകുന്നത് സ
മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.
തീരുമാനപ്രകാരം ദിവസവാടക 15000/- ആയി നിജപ്പെടുത്തിയിട്ടുണ്ട്. കൂട
പകലിന്റെ പകുതിക്ക് വാടക 7500/- എന്നും നിശ്ചയിച്ചിരിക്കുന്നു. വാടക
പ്രകാരം 2023-24 ലെ എല്ലാ ചടങ്ങുകൾക്കും വാടകയായി 7500/- (
ഈടാക്കിയിരിക്കുന്നത്. 08.08.2023 ലെ 8/ തീരുമാനപ്രകാരം അംഗീകൃത (
പാർട്ടികളുടെ യോഗങ്ങൾക്ക് ദിവസ വാടക 2500/- ആയി ഇളവനുവദ
കമ്മ്യൂണിറ്റി ഹാളിന്റെ വാടക നിരക്ക് സംബന്ധിച്ച് അ
നിലനിൽക്കുന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഭരണസമിതി മേൽ വിഷ(
ചെയ്യേണ്ടതും വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാർ (
നേടേണ്ടതുമാണ്. തുടർനടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഒ
അറിയിക്കേണ്ടതാണ്.

## 1-22-1 വില്ലേജ് ഓഫീസ് കെട്ടിടം പഞ്ചായത്ത് കോംപൗണ്ടിൽ വാടകരഹിതമായി പ്രവർത്തിക്കുന്നു - സർക്കാർ അനുമതി ലഭ്യമ:

പഞ്ചായത്ത് കെട്ടിടത്തിൽ ടി വി പുരം വില്ലേജ് ഓഫീസ് പ്രവർത്തിച്ച് വരുന്ന
ഡിമാൻഡ് രജിസ്റ്റർ പ്രകാരം മേൽ കെട്ടിടത്തിന്റെ വാടക ഡിമാൻ(
ഈടാക്കുന്നതായി കാണുന്നില്ല. 1994 ലെ പഞ്ചായത്ത് രാജ് നിയമ
പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പട്ടികയിൽ വില്ലേജ് ഓഫ
ഉൾപ്പെടുത്തിയിട്ടില്ല. വില്ലേജ് ഓഫീസ് വാടകരഹിതമായി പ്രവർത്തിക്ക
അനുമതി നൽകി സർക്കാർ ഉത്തരവ് ലഭ്യമാണെങ്കിൽ ആയത് പരിശോ
ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/12.12.24) ലഭ്യ
മറുപടിയിൽ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും പ്രത്യേകം വില്ലേജ് ഓഫീ
സർക്കാർ നയത്തിന്റെ ഭാഗമായി ടി വി പുരം വില്ലേജ് ഓഫീസ് അനുവദ
വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണത്തിന് അനുയോജ്യമായ സർക്കാ
ലഭ്യമാകാതെയിരുന്നതും സൗജന്യമായി ഭൂമി സ്വകാര്യവക്തികളിൽ
വിട്ടുകിട്ടാതെയിരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് ഭൂമി വിട്ടുനൽ
വ്യവസ്ഥയിൽ ജനങ്ങളുടെ സൗകര്യാർത്ഥം പഞ്ചായത്ത് കോംപൗണ്ടിലുള്ള
സൗജന്യമായി അനുവദിക്കുകയായിരുന്നുവെന്ന് അറിയിച്ചു. ബന്ധപ്പെട്ട
തീരുമാനം ഓഡിറ്റിൽ ലഭ്യമാക്കിയില്ല. ജനോപകാരപ്രദമായി പ
കൈക്കൊണ്ട നടപടി ഓഡിറ്റ് അംഗീകരിക്കുന്നു. കൈമാറി കിട്ടിയ സ്ഥാപന

പട്ടികയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിന് വാടകരഹിതമായി പ്രവർത്തിക്ക അനുവാദം നൽകുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. വില്ലേജ് പ്രവർത്തിക്കുന്നതിന് പഞ്ചായത്ത് കോംപൗണ്ടിലുള്ള കെട്ടിടം സൗ അനുവദിച്ച തീരുമാനത്തിന് സർക്കാർ സാധൂകരണം ലഭ്യമാക്കി വിവരം സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 കമ്മ്യൂണിറ്റി ഹാളിന്റെ വാടക - ജി എസ് ടി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിന്റെ വാടകയിനത്തിൽ 1230100309/ രസീത് പ്രകാരം ശ്രീ വിശാൽ കൊടുനിലത്തറയിൽ എന്ന വ്യക്തി 75 അടവാക്കിയിട്ടുണ്ട്. എന്നാൽ വാടകയെക്കാപ്പം ഈടാക്കേണ്ടിയിരുന്ന 18% ജി (1350/- രൂപ) ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/10.12.2024) ലഭ്യമാക്കിയ മറുപടിയിൽ ഈടാക്കുന്നതിനുള്ള ഡിമാൻഡ് തയ്യാറാക്കിയതിൽ പിശക് വന്നത് കാരണ എസ് ടി ഈടാക്കുവാൻ സാധിക്കാതെ വന്നതെന്നും ആയത് സർക്കാരിലേയ്ക്ക് അടവാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും അറി എസ് ടി തുക ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കി വിവരം രേഖകൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ലേലത്തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഭാഗമായിരുന്ന ശൂന്യമായ കെട്ടിടം പൊളിച്ച് നീക്കുന്നതിന് ശ്രീ നാസർ കെ എച്ച് എന്ന വ ലേലം അനുവദിച്ച് നൽകിയിട്ടുണ്ട് (മെഡിക്കൽ ഓഫീസർ പി എച്ച് സ പുരത്തിന്റെ 10.01.2023 ലെ 361/2022 നടപടിക്രമങ്ങൾ പ്രകാരം).153400/- (ജി ഉൾപ്പെടെ) രൂപയ്ക്കാണ് ലേലം അംഗീകരിച്ചിട്ടുള്ളത്. കെട്ടിടം നീക്കിയെങ്കിലും ലേലത്തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയി പരിശോധനയിൽ വ്യക്തമായി. ലേലത്തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (23/10.12.2024) ലഭ്യമാക്കിയ മറു ലേലത്തുക പി എച്ച് സിയുടെ എച്ച് എം സി അക്കൗണ്ടിലാണ് അടവാക്ക അറിയിച്ചു. ഈ നടപടി ക്രമപ്രകാരമല്ല. മാത്രമല്ല ലേലത്തുകയുടെ ഈടാക്കിയ ജി എസ് ടി സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല. ജി എസ് സർക്കാരിലേയ്ക്കും ലേലത്തുക പഞ്ചായത്ത് ഫണ്ടിലും അടവാക്കി വിവരം സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 IFTE & OS ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനങ്ങൾ I ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/സ്ഥാപന ഉടമ |
|---|---|
| 1 | ജനസേവനകേന്ദ്രം,ടി വി പുരം |
| 2 | ടൈലറിംഗ് സെന്റർ,ശ്രീമതി സുമി ബിജി |
| 3 | ശ്രീ ഷൈജു കെ ആർ |
| 4 | ശ്രീമതി ആരതി ടി ബാബു |

| | |
|---|---|
| 5 | ശ്രീ രാജീവൻ,ഇഞ്ഞനയിൽ |
| 6 | ശ്രീ കെ കെ രാജേന്ദ്രൻ, കോണല്ലിച്ചിറ |
| 7 | ശ്രീമതി രാഖിമോൾ സി ഓ |
| 8 | ശ്രീ ശ്രീകുമാർ സി എസ് |
| 9 | വോൽക്സ് കേക്സ് |
| 10 | ജോൺസൺ കേറ്ററേസ് |
| 11 | കള്ളുഷാപ്പുകൾ |
| 12 | റേഷൻ കടകൾ |
| 13 | ക്ഷീരോദ്പാദന സഹകരണ സംഘങ്ങൾ |
| 14 | വിവിധ സഹകരണ ബാങ്കുകളുടെ കീഴിലുള്ള വളം വിൽപ്പന കേന്ദ്രങ്ങൾ |

കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത 1 ൽ 407/A നമ്പർ കെട്ടിടത്തിൽ റിസോർട്ട് പ്രവർത്തിക്കുന്നതായി കാണുന്നു. റിസോർട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസ് രജിസ്റ്റർ ലൈസൻസ് എടുത്തതായി കാണുന്നില്ല. ലൈസൻസില്ലാതെ സ്ഥാ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക (24/10.12.24) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറിയിൽ പര സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പര കൊണ്ടുവരുന്നതിനായി 2025 ജനുവരി 31 നകം ആവശ്യമായ നട സ്വീകരിക്കുന്നതിന് ഓഫീസ് ഉത്തരവ് നൽകിയതായി അറിയിച്ചു. പ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ചട്ടപ്രക ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡ് OFCകേബിൾ സ്ഥാപിക്കൽ- റെസ്റ്റോറേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡിന്റെ 4-1-2023 ലെ അപേക്ഷയ (ROW/1056514) 950 മീറ്റർ നീളം, 1.65 മീറ്റർ ആഴത്തിലും 0.45 മീറ്റർ വീതിയി റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി തേട ആയതിന്റെ അടിസ്ഥാനത്തിൽ PWD Roads ചീഫ് എഞ്ചിനീയറുടെ 30/03 CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് എ എസ്റ്റിമേറ്റ് തുക 1468021/- രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട് (Rt No 12300000 പ്രകാരം തുക ലഭിച്ചു). എന്നാൽ തുക നിശ്ചയിച്ചതിൽ അപാകത സംഭവ കാണുന്നു. അതായത് മേൽ സർക്കുലറിൽ റസ്റ്റോറേഷൻ വിഡ്ത് ട്രഞ്ച് വിഡ് മടങ്ങായിരിക്കണം എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ റെസ്റ്റോറേഷൻ കണക്കാക്കുന്നതിന് റസ്റ്റോറേഷൻ വിഡ്ത് 0.675 മീറ്റർ (0.45 X1.5) എടുക്കുന്നതി 0.50 മീറ്റർ മാത്രമാണ് എടുത്തിരിക്കുന്നത്. കൂടാതെ ചീഫ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം ബ്ലാക് ടോപ്പ് സർഫസിന്റെ മിനിമം റെസ്റ്റോറേഷൻ മീറ്ററാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ | PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL- | വ്യത്യാസം |
|---|---|---|---|

| | തയാറാക്കിയ എസ്റ്റിമേറ്റ് തുക | | RC/2/2019 നം. സർക്കുലർ പ്രകാരം തയാറാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് തുക | | |
|---|---|---|---|---|---|
| | വിവരണം | തുക | വിവരണം | തുക | |
| Restoration Charge | 950 X 0.50 = 475 $M^2$ | 475 @3090.57 $M^2$= *1468020.75* | 950 X 1= 950$m^2$ | 950 @3090.57 *$M^2$= 29,36,041.50* | 14,68,020.75 |
| Extra For HDD Pits At 100 M Interval | 10 Pits | | 10x1x 1.5 =15 $M^2$ | 15 @ 3090.57$m^2$= 46358.55 | 46358.55 |
| ആകെ | 14,68,020.75 | | 2982400.05 | | 15,14,379.30 |

അപാകതസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെ ഓഡിറ്റ് അന്വേഷണത്തിന് (നം.1/6-12-24) റോഡ് പൂർവ്വസ്ഥിതിയിലാക്കിയാ തിരിച്ച് നൽകാവുന്നതാണ് എന്നതിനാൽ യാതൊരു സാമ്പത്തിക വരുത്തിയിട്ടില്ലായെന്ന് മറുപടി നൽകി. റെസ്റ്റോറേഷൻ ഫീസ് ഈടാക്ക കുറവു വന്ന 15,14,379/- രൂപ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡിൽ ഇടാക്കേണ്ടതാണ്.തുക ഈടാക്കി അടവാക്കാത്ത പക്ഷം ടി തുക  തയ്യാറാക്കിയ ഉദ്യോഗസ്ഥ, അസി.എഞ്ചിനീയറുടെ ബാധ്യതയായി തിട്ട ടിയാളിൽനിന്നും ഈടാക്കേണ്ടതാണ്.

## <u>1-26 75 ലക്ഷം രൂപ സർക്കാരിലേക്ക് തിരികെ അടവാക്കുവാൻ അവശേഷിക്കുന്നു.</u>

വാർഷികകണക്കുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതി വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചതിൽ ചെലവഴിക്കാത്തതും ചെലവ ശേഷം മിച്ചം വന്നതുമായ തുകകൾ സർക്കാരിലേക്ക് തിരിച്ചടയ്ക്കുവാൻ നിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഷികകണക്ക് ശീർഷകം | തുക | റിമാർക്സ് |
|---|---|---|---|
| 1 | 320100152-<br>Other Schemes | 2,680,094 | 2014-15 മുതൽ 2020-21 വരെ കാലയളവിൽ വിവിധ പ്രോജക്കുകൾക്കായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നതിൽ വിനിയോഗിച്ചതിന് ശേഷം വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ മിച്ചം വന്ന തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചത് (ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലുള്ള |

| | | | |
|---|---|---|---|
| | | | തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു). |
| 2 | 320300102-<br>Grants, Funds & Contributions For Specific Purposes -<br>- Jalanidhi | 4,334,219 | ജലനിധി പദ്ധതി രണ്ടാം ഘട്ടത്തിലേക്ക് ടിവിപുരം ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുത്തിരുന്നതും പദ്ധതി നിർവഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, എന്നിവരുടെ പേരിൽ എസ്.ബി.ഐ ടിവിപുരം ശാഖയിലെ സംയുക്ത അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം- 67213975683) 2012-13, 2013-14 വർഷങ്ങളിലായ് നിക്ഷേപിച്ച തുകയ്ക്ക് 31.03.2024 വരെ ലഭിച്ച പലിശ സഹിതമുള്ള തുക . |
| 3 | 350400999-Refund Of Unutilised Grants - Prior Period | 500000 | കരിയാർ സ്പിൽവേ കം ബ്രിഡ്ജ് നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും മുൻവർഷങ്ങളിൽ 15 ലക്ഷം രൂപ മൈനർ ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്ക് നല്കിയിരുന്നു. പ്രോജക്റ്റ് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയതിനാൽ ഗ്രാമപഞ്ചായത്ത് നൽകിയ വിഹിതത്തിൽ 25.06.2021 ൽ ഗ്രാമപഞ്ചായത്തിന്റെ 709041400000012 എന്ന STSB അക്കൗണ്ടിൽ വരവായ തുക |
| | | 7514313/- | |

മേൽ തുകകൾ നാളിതുവരെ സർക്കാരിലേക്ക് തിരിച്ചടയ്ക്കാത്തതിന്, ന തുടർ നടപടികളുടെ വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്ക ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/10.12.24) പഞ്ചായത്ത് കമ്മ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി സർക്കാരിലേക്ക് തുക തിരിച്ചടയ്ക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ ദീർഘകാലം പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്ന ക്രമപ്രകാരമല്ല. ആയതിനാൽ മേൽ അക്കൗണ്ടുകളിൽ നിലവിൽ ് നിൽക്കുന്ന തുകകൾ നിശ്ചിത കണക്ക് ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി വിവരം അറയിക്കേണ്ടതാണ്. കൂടാതെ കരിയാർ സ്പിൽവേ ക നിർമ്മാണത്തിനായി ഡെപ്പോസിറ്റ് ചെയ്തിരുന്ന 15 ലക്ഷം രൂപയിൽ ബാക്കി ന 10 ലക്ഷം രൂപ കൂടി തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടിക സ്വീകരിക്കേണ്ടതാണ്. അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 ഇ-ടെൻഡർ ഫീസ്- അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ബാലൻസ് അവശേഷിക്കുന്നു.

ഇടെൻഡർ ഫീസ് ലഭ്യമാക്കുന്നതിനായി ആരംഭിച്ച അസി.എഞ്ചി പേരിലുള്ള എസ്ബിഐ വൈക്കം ശാഖയുടെ ബാങ്ക് അക്കൗണ്ടിൽ (അക്ക 37125085129) 5/9/2024ൽ 34511/- രൂപ ബാലൻസ് ഉള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്കുള്ള വരുമാനമാണ്. ട ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് വിവരം അറിയിക്കേണ്ട

## 1-28 മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്ക

2023-24 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ, അഡ്വാൻസ് എന്നിവ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി മുൻകൂറായി നൽക തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന സാഹചര്യത്തിൽ പ്രസ്തുത മുൻകൂർ തുകകൾ നാളിതുവരെ ക്രമീകര അവശേഷിക്കുന്നതിനും ക്രമീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ സംബ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വ (നം.05/06.12.24) ലഭ്യമാക്കിയ മറുപടി സഹിതമുള്ള വിശദാംശങ്ങൾ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക | ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| 1 | 460500201-Deposit With Kerala Water Authority | 1057558 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിക്ക് മുൻകാലങ്ങളിൽ നല്കിയ പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുവാൻ പല തവണ കത്ത് നൽകിയിട്ടും ലഭിക്കാത്തത് മൂലമാണ് ക്രമവൽക്കരിക്കാത്തതെന്ന് മറുപടി ലഭ്യമാക്കി. |

| | | | |
|---|---|---|---|
| 2 | 460500202 - Deposit With Kerala Electricity Board | 1159174 | കെ.എസ്.ഇ.ബി യ്ക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ പ്രസ്തുത തുകയിൽ 1124682 രൂപ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായ സാഹചര്യത്തിൽ 10.07.24 ൽ ക്രമീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. |
| 3 | 460500501- Advance To Implementing Officers | 290000 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി മുൻ വർഷങ്ങളിൽ നൽകിയ 280000 രൂപയും പൾസ് പോളിയോ ഇമ്മ്യൂണൈസേഷനായി തൻവർഷം നൽകിയ 10000 രൂപയും മുൻകാല അക്കൗണ്ട്സ് കൂടി പരിശോധിച്ച് ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. |
| 4 | 460500801- Advance To MGNREGS | 1184204 | MGNREGS ഭരണചെലവുകൾക്ക് നൽകിയ തുക പ്രസ്തുത തുകയിൽ 903757 രൂപ നാളിതുവരെ റീകൂപ്പ് ചെയ്തിട്ടുണ്ടെന്നും ബാക്കി തുക കൂടി ക്രമവൽക്കരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി |
| | ആകെ | 3690936 | |

എല്ലാത്തരം അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും നടത്തുന്ന ( പ്രവൃത്തികൾക്കായി പ്രദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണെന്നും പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാത് വർഷ പ്രാദേശിക സർക്കാരുകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാ 09/03/2023 ലെ സ.ഉ.(കൈ) നം.38/2023/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടു സാഹചര്യത്തിൽ ഡെപ്പോസിറ്റ് ചെയ്ത വലിയ തുകകൾ വളരെ കാലം നി ഏജൻസികളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന പ്രവണത ഒഴിവാക്കേ മേൽ തുകകളിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകകൾ കൂടി ക്ര വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് തുടർ നടപടികളുടെ വിശദാ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 സർക്കാർ ഉത്തരവിന് വിരുദ്ധമായി ശമ്പള പരിഷ്കരണ കുടിശ് അനുവദിച്ചു

2023-24 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ ശ്രീമതി എൽ.പ്രസന്ന സെക്രട്ടറിയ്ക്ക് (Rtd On 31.05.2023) 10/02/2021 ലെ G.O.(P) No.27/2021/Fin പ്രകാരമു മുതൽ 02/2021 വരെ കാലയളവിലേയ്ക്കുള്ള ശമ്പള പരിഷ്കരണ കുടിശി

നം.1739/2023/19.05.2023 (ചെക്ക് നം.586323/20.05.2023) പ്രകാരം ജീവനക്ക അനുവദിച്ചിട്ടുള്ളതും ടി തുക ജീവനക്കാരിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ൽ ക്രഡിറ്റ് ആയിട്ടുള്ളതുമാണ്. തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

| കുടിശിക പ്രാബല്യത്തീയതി | അനുവദിച്ച കുടിശിക തുക |
|---|---|
| ഒന്ന് : 01/04/2023 | 33996/- |
| രണ്ട് : 01/10/2023 | 33996/- |
| മൂന്ന് : 01/04/2024 | 33,996/- |
| നാല് : 01/10/2024 | 33,996/- |
| ആകെ | 135984/- |

10.02.21 ലെ ജി.ഒ (പി) നം.27/2021 പ്രകാരം 01.04.23 മുതൽ 4 ഗഡുക്കളായാ പരിഷ്കരണ കുടിശ്ശികയ്ക്ക് അർഹതയുള്ളത്. എന്നാൽ 30.03.23 ലെ നം.31/2023/(34)/ ധന ഉത്തരവ് പ്രകാരം ടി ഉത്തരവ് നടപ്പാക്കുന്നത് നീട്ടിവയ്ക നാളിതുവരെ നൽകിയിട്ടില്ലാത്തതുമാണ്. ശമ്പള പരിഷ്കരണ ഉത്തരവ് പ്ര 10.04.2023 ലെ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ എ.ആർ.സി-3/11/2023-ധന നമ്പർ കത്തിലെ നിർദ്ദേശ പ്രകാരവും നീട്ടിവയ്ക്കപ്പെട്ട ശമ്പള പരിഷ്കരണ കുടിശ്ശിക തുക, അനുവദിച്ച് നൽക വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15/ നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് അസി.ഡയ അംഗീകാരം ലഭിച്ചതിനുശേഷമാണ് ബിൽ മാറിയത് എന്നും പ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണ കുടിശ്ശിക നൽകുന്നത് സർക്കാരിന് സാ ബാധ്യത ഉണ്ടാക്കുന്നില്ല എന്നും തന്റെ സാമ്പത്തിക സ്ഥിതി പരിതാപകരമായതിനാൽ തുക തിരച്ചടയ്ക്കുവാൻ യാതൊരു നിർവ്വാ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സർക്കാർ നിർദ്ദേശങ്ങൾ പ്രകാ പരിഷ്ക്കരണ കുടിശ്ശിക ജീവനക്കാർക്ക് അനുവദിയ്ക്കുന്നത് നീട്ടി വച്ച ഉത്തരവ് നിലവിലുണ്ടായിട്ടും 09.05.2023 ലെ ഗ്രാമപഞ്ചായത്തിന്റെ റികാസ്റ്റ് പഞ്ചായത്ത് അസി.ഡയറക്ടർ കുടിശ്ശിക ബില്ലിന് അംഗീകാരം ന എപ്രകാരമെന്ന് വ്യക്തമാകുന്നില്ല.

കുടിശ്ശിക നൽകുന്നത് നീട്ടി വച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച ലഭ്യമായ ശമ്പളപരിഷ്ക്കരണവും തുടർന്നുള്ള ആനുകൂല്യങ്ങളും നിർദ്ദേശമില്ലാതെ പണമാക്കി നൽകിയ നടപടിക്ക്, പഞ്ചായത്ത് ജീവനക്കാർക പരിഷ്ക്കരണ കുടിശ്ശിക നൽകുന്നത് സർക്കാരിന് സാമ്പത്തിക ഉണ്ടാക്കുന്നില്ല എന്ന റിട്ടയേർഡ് സെക്രട്ടറിയുടെ മറുപടി അംഗീകരിയ്ക്കാവു 31.5.23 വരെ സേവനത്തിൽ ഉണ്ടായിരുന്ന ശ്രീമതി.എൽ.പ്രസന്ന സെക്രട്ടറിയ്ക്ക് (റിട്ട.) അനുവദിച്ച ശമ്പള പരിഷ്ക്കരണ കുടിശ്ശിക 1359 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിൽ തുടർ നടപടികൾ സ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## **1-30 യാത്രാബത്തയ്ക്ക് അർഹമായ കാലാവധി കഴിഞ്ഞ ബില്ലുകൾ പണമാക്കി നൽകി**

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി2) പ്രകാരം യാത്ര അർഹമായ തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ ബിൽ

മാറിയെടുക്കേണ്ടതാണെന്നും രണ്ട് വർഷ കാലാവധി കഴിഞ്ഞ കാലം യാത്രാബത്തയ്ക്ക് അർഹതയില്ലായെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാ സെപ്റ്റംബർ മാസത്തെ വൗച്ചർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ചേർക്കുന്ന ജീവനക്കാർക്ക് യാത്രാബത്തയ്ക്ക് അർഹമായ തീയതി മുതൽ കഴിഞ്ഞ കാലയളവിലേയ്ക്കുള്ള യാത്രാപ്പടി ബിൽ നം.2777/2023 തീയതി പ്രകാരം മാറി നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | മാർച്ച് 21 | ഏപ്രിൽ 21 | മെയ് 21 | ജൂൺ 21 | ജുലൈ 21 | ഓഗസ്റ്റ് 21 | ആകെ |
|---|---|---|---|---|---|---|---|
| രൂപേഷ് എസ്. | 1500 | 1750 | 250 | 250 | 750 | 750 | 5250 |
| ജെസ്സ കെ.എസ്. | 1000 | | | | | | 1000 |
| ബിന്ധു സി.ആർ. | 1500 | 500 | | | | | 2000 |
| ജഗദീഷ് പി.റ്റി. | 500 | | | | | | 500 |
| ബൈജു സി.ബി. | 350 | | | | 525 | 175 | 1050 |
| ജോസ് കെ.ജെ. | | 500 | | | | 250 | 750 |
| ഹണി സി.എച്ച്. | | 350 | 175 | 525 | | 175 | 1225 |
| പ്രവീൺ പി.പി. | | | | | 350 | | 350 |
| | | | | | | ആകെ | 12125 |

കേരള സർവ്വീസ് റൂൾസ് പാർട്ട് 2- ചട്ടം 5എ പ്രകാരം ഒരു വർഷത്തി യാത്രപ്പടിയ്ക്ക് അർഹത സംബന്ധിച്ച് വിശദാംശം രേഖാമൂലം മേലധി അറിയിയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ യാ തയ്യാറാക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എ (നം.14/09.12.2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ പെർഫോമൻസ് വിഭാഗത്തിൽ മേൽ പരിശോധനയ്ക്കായി സമർപ്പിച്ച ബില്ലുകളിൽ അം ലഭ്യമാകുവാൻ താമസിച്ചതിനാലാണ് തുക നൽകുന്നതിന് കാലതാമസം ഉണ്ട അറിയിച്ചു. ചട്ട വിരുദ്ധമായി ബില്ലുകൾ മാറി നൽകിയത് അംഗീകരിയ്ക്ക ആയതിനാൽ മേൽ പറഞ്ഞ തുക ജീവനക്കാരിൽ നിന്നും ഈടാക്കി പ ഫണ്ടിൽ അടക്കുകയോ, അല്ലെങ്കിൽ സർക്കാർ അംഗീകാരം വാ ചെയ്യേണ്ടതാണ്.

## 1-31 ഗ്രാമപഞ്ചായത്തിന്റെ വിഹിതം നൽകൽ പ്രോജക്ടുകൾ - വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല

തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായ് സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതങ്ങൾ കൈമാറിയിട്ടുള തുകകളുടെ വിനിയോഗ വിവരങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല . വിശദ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക,ഫണ്ടിനം | ബിൽ നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 2/24 എസ് എസ്എ വിഹിതം | 439854 വികസന ഫണ്ട് | 51/20.07.23 | ബിആർസി |

| | | | | |
|---|---|---|---|---|
| | | (ജനറൽ) | | |
| 2 | 3/22 ,ഐ.കെഎം വിഹിതം | 61448 വികസന ഫണ്ട് (ജനറൽ) | 5075-150/20.12.23 56373-72/18.08.23 | ഐ.കെഎം |
| 3 | 91/24, പി.എം.എ വൈ വിഹിതം -എസ്.സി | 70000 എസ്.സി.പി | 326/24.03.24 | ബ്ലോക്ക് പഞ്ചായത്ത്,വൈയ്ക്ക |
| | ആകെ | 571302/- | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിയ്ക്ക് (നം.20/10.12.202 പദ്ധതികളിൽ ചെലവഴിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം കാല കൂടാതെ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യ ലഭ്യമാക്കുന്നത് വരെ 571302/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയ

ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രോജക്ടിന് വേണ്ടി (നം.156/24) ഒ നിർവ്വഹണോദ്യോഗസ്ഥയായി തൻ വർഷം 15000/- രൂപ വികറ പൊതുവിഭാഗത്തിൽ നിന്നും 145/13.12.2023 നമ്പർ ബിൽ പ്രകാരം കെ.എ ഇലക്ട്രിക്കൽ സെക്ഷൻ വൈയ്ക്കത്തിന് മുൻകൂറായി നൽകിയിട്ടുണ്ടെങ്കില തുകയുടെ വിനിയോഗ വിവരങ്ങൾ കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമായി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിയ്ക്ക് (നം.21/10.12.2024) വി സാക്ഷ്യപത്രം കാലതാമസം കൂടാതെ ഹാജരാക്കുന്നതാണെന്ന് മറുപടി ല വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ 15000/- രൂപയുടെ ചെലവ് ഒ തടസ്സപ്പെടുത്തുന്നു.

## 1-33 പൊതുശ്മശാനത്തിന് ഗ്യാസ് ചേമ്പർ വാങ്ങി സ്ഥാപിക്കൽ - ശ്മ പ്രവർത്തനക്ഷമമായില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 90/24, പൊതുശ്മശാനത്തിന് ഗ്യാസ് ചേമ്പർ വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ ഗ്രാന്റ്- 1700000/- ബ്ലാക്ക് പഞ്ചായത്ത് വിഹിതം-1550000 |
| ആകെ | 3250000/- |
| ചെലവ് തുക | ധനകാര്യകമ്മീഷൻ ഗ്രാന്റ്-450000/- |
| ബിൽ നം. | 363/29.03.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ചെമ്മനത്ത്കരയിൽ സ്ഥാപിക്കു ക്രിമിറ്റോറിയത്തിന് ഗ്യാസ് ചേമ്പർ വാങ്ങി സ്ഥാപിക്കുന്നതിനായി മേൽ പ്രകാരം ഇ-ടെണ്ടർ ക്ഷണിക്കുകയും കറവ് തുക കാട്ട് ചെയ്ത "കീരശ ഇൻഡസ്ട്രിയൽ എക്യുപ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് പാദുവാപുരം,കറുകു സ്ഥാപനത്തിന് പ്രവൃത്തി നൽകുകയും ചെയ്തു. 29.12.2023 ൽ സ്ഥാപന കരാറിലേർപ്പെട്ടു.

80% പ്രവൃത്തി പൂർത്തിയാക്കിയതിനെ തുടർന്ന് പാർട്ട് ബിൽ നൽക കാണിച്ച് സ്ഥാപനം 11.03.2024 ൽ 1645000/- രൂപയുടെ ബിൽ സമർപ്പി അടിസ്ഥാനത്തിൽ തൻവർഷം മേൽ ബിൽ പ്രകാരം 450000 രൂപ സ്ഥാ നൽകുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ നിന്നും രൂപയുടെ ബിൽ തയ്യാറാക്കിയിരുന്നെങ്കിലും തുക തൻവർഷം നൽ പ്രവൃത്തി സംബന്ധിച്ച് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ സ അസി.എക്സി.എഞ്ചിനീയറുടെ പ്രവൃത്തി പുരോഗതി റിപ്പോർട്ടിൽ, സമർപ്പിച്ച ബില്ലിൽ പറഞ്ഞിരിക്കുന്ന Thermal Installation For Primary Chamber & Chamber, Activated Carbon Adsorption Unit എന്നിവ പരിശോധിച്ച് ബോദ്ധ സാധിച്ചില്ലായെന്നും Trolly സൈറ്റിൽ ലഭ്യമാണെങ്കിലും പൂർത്തീകരിച്ചിട്ടില്ലെന്നും പരാമർശിച്ചിട്ടുള്ളതായി കാണുന്നു. 10.12.2024 ൽ ഓ ശ്മശാനത്തിൽ സ്ഥലപരിശോധന നടത്തിയതിൽ ഗ്യസ് ചേമ്പർ സ്ഥാപിച്ചിട്ടു വൈദ്യുതീകരണമുൾപ്പെടെയുള്ള മറ്റ് വർക്കുകൾ പൂർത്തിയാക്കി ശ്മശാന പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു. കൂടാതെ അസി.എക്സി.എ പരാമർശിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക സാധിച്ചില്ല.



മേൽ സാഹചര്യത്തിൽ അസി.എക്സി.എഞ്ചിനിയർ പരാമർശിച്ചിരുന്ന അപ പരിഹരിച്ച് ശ്മശാനം പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/11.12.24) ടി പദ്ധതി 2024-25 വർഷം സ്പിൽ ഓവ പ്രവൃത്തി പൂർത്തിയാക്കി വരികയാണെന്നും പി. അസി.എക്സി.എഞ്ചിനിയറുടെ തുടർ റിപ്പോർട്ട് പ്രകാരം ആദ്യ റിപ്പോ അപാകതകൾ പരിഹരിച്ചിട്ടുള്ളതായി കാണുന്നുവെന്നും മറുപടി ല കൂടാതെ ഗ്യാസ് ക്രിമിറ്റോറിയം ഇലക്ട്രിഫിക്കേഷൻ എന്ന പദ്ധതി വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടു പദ്ധതി പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചതിന് ശേഷം അന്തിമ ബിൽ മാറി നൽകുകയുള്ളുവെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്ക ക്രിമിറ്റോറിയം പ്രവർത്തനക്ഷമമാകുന്നത് വരെ തൻ വർഷത്തെ 450000/- ( ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ പ്രവൃത്തികളുടെ വിവരങ്ങൾ ഒ അറിയിക്കേണ്ടതാണ്.

## 1-34 ലൈബ്രറികൾക്ക് ഫർണീച്ചർ നൽകൽ - ഫർണീച്ചറുകൾ ലൈബ്രറികൾക്ക് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 108/24 |
| അടങ്കൽ തുക | 1 ലക്ഷം |
| ചെലവ് തുക | 98660/- |
| ഫണ്ടിനം | വികസനഫണ്ട് (ജനറൽ) |
| ബിൽ നം. | 86/25.09.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണീച്ച നൽകുന്നതിനായാണ് മേൽപ്രോജക്റ്റ് ആവിഷ്ക്കരിച്ചിരുന്നത്. ഇതിനായി ക്ഷണിക്കുകയും ഫർണീച്ചറുകൾക്ക് കുറവ് തുക ക്വാട്ട് ചെയ്ത മരിയ ഫ വൈയ്ക്കം എന്ന സ്ഥാപനത്തിൽ നിന്നും താഴെ ചേർക്കുന്ന ഫർണ് വാങ്ങുകയും ചെയ്തിട്ടുണ്ട്.

1.ഓഫീസ് ടേബിൾ -4 എണ്ണം
2.ഓഫീസ് ചെയർ (സ്റ്റീൽ)- 4 എണ്ണം
3.പ്ലാസ്റ്റിക് ചെയർ - 4 എണ്ണം
4.ബുക്ക് ഷെൽഫ് -4 എണ്ണം
5.റീഡിംഗ് ടേബിൾ (തടി കൊണ്ട് നിർമ്മിച്ച 8 അടി നീളം, 4 അടി വീതി( എണ്ണം

മേൽ ഫർണീച്ചറുകൾ ഓരോന്ന് വീതം 4 ലൈബ്രറികൾ കൈപ്പറ്റിയതായി രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മേൽ ലൈബ്രറികളിൽ പരിശോധന നടത്തിയതിൽ ലൈബ്രറികൾ കൈപ്പറ്റിയത് പ്ര ഫർണീച്ചറുകൾ നേരിൽ കണ്ട് ബോദ്ധ്യപ്പെടുവാൻ സാധിച്ചിട്ടില്ല. വിശദാ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫർണീച്ചറുകൾ കൈപ്പറ്റിയ ലൈബ്രറിയുടെ പേര് | പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട വിവരം |
|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് പബ്ലിക് ലൈബ്രറി | മേൽ ഫർണീച്ചറുകളിൽ ഒന്നും പോലും ലഭിച്ചതായി കണ്ടു ബോദ്ധ്യപ്പെട്ടില്ല. |
| 2 | കൈരളി വികാസ് കേന്ദ്ര & ഗ്രന്ഥശാല | ബുക്ക് ഷെൽഫ്, ഓഫീസ് ടേബിൾ , റീഡിംഗ് ടേബിൾ എന്നിവ ലഭിച്ചിട്ടുണ്ട്. എന്നാൽ സ്റ്റീൽ |

| | | |
|---|---|---|
| | | ചെയർ, പ്ലാസ്റ്റിക് ചെയർ എന്നിവ പ്രാദേശിക പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. |
| 3 | പണ്ഡിറ്റ് കെ.പി.കറുപ്പൻ മെമ്മോറിയൽ പബ്ലിക് ലൈബ്രറി &റീഡിംഗ് റൂം | 2 സ്റ്റീൽ ചെയറുകൾ,ബുക്ക് ഷെൽഫ്, ഓഫീസ് ടേബിൾ എന്നിവ ലഭിച്ചിട്ടുണ്ട്. എന്നാൽ റീഡിംഗ് ടേബിൾ,പ്ലാസ്റ്റിക് ചെയർ എന്നിവ ലഭിച്ചതായി കണ്ടു ബോദ്ധ്യപ്പെട്ടില്ല.ഒന്നിന് പകരം 2 സ്റ്റീൽ ചെയറുകൾ പ്രസ്തുത ലൈബ്രറിയിൽ സൂക്ഷിക്കാനുണ്ടായ സാഹചര്യവും വ്യക്തമല്ല. |
| 4 | കെ.വിശ്വനാഥൻ സാംസ്ക്കാരികവേദി &ഗ്രന്ഥശാല | ബുക്ക് ഷെൽഫ് മാത്രമേ ലഭിച്ചിട്ടുള്ളു. ഓഫീസ് ടേബിൾ,റീഡിംഗ് ടേബിൾ,സ്റ്റീൽ ചെയർ,പ്ലാസ്റ്റിക് ചെയർ എന്നിവ പ്രാദേശിക പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. |

തടികൊണ്ടുള്ള റീഡിംഗ് ടേബിളുകൾ ആകെ 3 എണ്ണമാണ് വാങ്ങിയ എന്നാൽ 4 ലൈബ്രറികളും ടേബിൾ ഓരോന്ന് കൈപ്പറ്റ രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ വാങ്ങിയ 4 ഓഫീസ് ടേബിൾ, സ്റ്റീൽ എന്നിവയിൽ 2 എണ്ണം വീതവും 4 പ്ലാസ്റ്റിക് ചെയറുകളും പ്രാദേശിക പരിശോ ഹാജരാക്കാൻ കഴിയാത്ത സാഹചര്യം ഗൗരവതരമാണ്. 2 റീഡിംഗ് ടേബിൾ, ഒ ഷെൽഫ് എന്നിവ ലൈബ്രറികൾക്ക് നൽകാതെ പഞ്ചായത്ത് കമ്മ്യൂണിറ്റി സൂക്ഷിച്ചിരിക്കുന്നതായാണ് കണ്ടത്.

ഇപ്രകാരം വിതരണം ചെയ്ത എല്ലാ ഉപകരണങ്ങളും അതാത് ലൈബ്ര ലഭിക്കാത്ത സാഹചര്യത്തിനും ഭൗതിക പരിശോധനയിൽ എല്ലാ ഫർണീ കണ്ട് ബോദ്ധ്യപ്പെടുവാൻ കഴിയാത്തതിനും വിശദീകരണം ലഭ്യമാ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/11.12.24) പ്രസ്തുത

അടുത്ത പഞ്ചായത്ത് കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായ
ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

8 അടി നീളവും 4 അടി വീതിയുമുള്ള റീഡിംഗ് ടേബിൾ ലൈബ്രറികളുടെ
കയറ്റുവാൻ സാധിക്കുകയില്ലായെന്ന് ലഭിക്കാത്ത ലൈബ്രറികളുടെ ഭാരവ
ഭൗതിക പരിശോധനയിൽ അറിയിച്ചു. യഥാർത്ഥത്തിൽ ലൈബ്ര
ആവശ്യമുള്ള ഫർണീച്ചറുകളുടെ ആവശ്യകത നിർണ്ണയിക്കാതെ
നടത്തുകയും ഫർണ്ണീച്ചറുകൾ ലൈബ്രറികൾക്ക് നൽകാത്ത സാഹചര്യവുമാ
യഥാർത്ഥത്തിൽ ലഭ്യമാകാത്ത ഫർണീച്ചറുകൾ ലഭ്യമായതായി
ഭാരവാഹികൾ കൈപ്പറ്റ് നല്കിയതും ഗുരുതരമായ വീഴ്ചയാണ്. മേൽ സാചച
പ്രസ്തുത പ്രോജക്ടിനായുള്ള 98660/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെട
ലഭ്യമായ ഫർണീച്ചറുകൾ എല്ലാം അതാത് ലൈബ്രറികൾക്ക് ലഭ്യമാക്കി
അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ
ക്ഷണിക്കുന്നു.

## 1-35 പ്രോജക്ട് അസിസ്റ്റന്റിന്റെ വേതനം വികസനഫണ്ടിൽ നിന്ന് നൽകി

ഗ്രാമപഞ്ചായത്തിലെ പ്രോജക്ട് അസിസ്റ്റന്റായ ശ്രീമതി കൃഷ്ണേന്ദു ഹ
പ്രോജക്ട് നം.17/24 പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിക
പൊതുവിഭാഗത്തിൽ നിന്നും 245190/-രൂപ വേതനമിനത്തിൽ തൻവർഷം അ
നൽകിയിട്ടുണ്ട്. 29.07.2021 ലെ സ.ഉ (സാധാ)നം.1427/2021/ത.സ്വ.ഭ.വ നമ്പർ
പ്രകാരം പ്രോജക്ട് അസിസ്റ്റന്റ്മാർക്ക് വേതനം നൽ
ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ട്/സി.എഫ്.സി ഗ്രാന്റിലെ അടിസ്ഥാന
എന്നിവ ഉപയോഗിക്കാവുന്നതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതിന് വിര
ആവർത്തന ചെലവായ പ്രോജക്ട് അസിസ്റ്റന്റിന്റെ വേതനം വികസന
നിന്നും അനുവദിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആ
നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (33/11.12.24) പ്രസ്തുത പ്രോജക്ട് സി.എഫ്.സ
ഉൾപ്പെടുത്തി ഡി.പി.സി.ക്ക് സമർപ്പിക്കുകയും വെറ്റിംഗിനായി അയച്ചപ്പോ
മാറ്റുന്നതിനുള്ള നിർദ്ദേശം നൽകിയത് മൂലമാണ് വികസന ഫണ്ട് വെച്ച്
റിവിഷൻ നടത്തിയതെന്നും 2025-26 മുതൽ പ്രസ്തുത പ്രോജക്ടിനായി സി.എഫ്.സ
ഫണ്ട് മാത്രമേ വകയിരുത്തുകയുള്ളുവെന്നും മറുപടി ലഭ്യമാക്കി. തുടർ വർഷ
സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം മാത്രം പ്രോജക്ട് ആവി
നടപ്പാക്കേണ്ടതാണ്.

## 1-36 തെരുവ് വിളക്ക് പരിപാലനം- അപാകതകൾ

തെരുവുവിളക്കുപകരണങ്ങൾ വാങ്ങുന്നതിനും അറ്റകുറ്റ
നടത്തുന്നതിനുമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം
ചേർക്കും പ്രകാരം 2 പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നു.

| പ്രോജക്ട്നം.,പേര് | 20/24 തെരുവുവിളക്കിന് ഉപകരണങ്ങൾ വാങ്ങൽ | 22/24, തെരുവ് വിളക്ക് അറ്റകുറ്റപ്പണി |
|---|---|---|
| അടങ്കൽ തുക | 150000/- | 225000/- |
| ചെലവ് | 135000/- | 198510/- |
| | | |

| | | |
|---|---|---|
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽനമ്പർ | 361/29-03-24 | 135000-228/16.02.24<br>63510-360/29.03.24 |

പ്രോജക്റ്റ് ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ ചേർക്കുന്നു.

1) പ്രോജക്റ്റ് നം.20/24 പ്രകാരം 1000 LED ബൾബുകളും (12W) അനുബന്ധഉപകര വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തു പുതിയത് സ്ഥാപിക്കുന്നതിനും ഒരു എണ്ണത്തിന് 97.5 രൂപ ന ശ്രീ.വിനോദ്.ടി.കെ ,തടത്തിൽ എന്ന വ്യക്തിക്ക് കരാർ നൽകുകയാണ് ചെയ്ത ഇപ്രകാരം ആകെ 2036 ബൾബുകൾ സ്ഥാപിച്ചതിന് 97.5 രൂപ നിരക്കിൽ 198510 ര കരാറുകാരന് നൽകിയിട്ടുള്ളത്. എന്നാൽ വാർഡു മെമ്പർമാർ നൽകി സാക്ഷ്യപത്രങ്ങൾ പ്രകാരം ആകെ 1713 ബൾബുകളാണ് സ്ഥാപിച്ചിട്ടുള്ളത്.

2) ഓരോ വാർഡിലും പ്രവർത്തന രഹിതമായ ബൾബുകൾ ഉള്ള എത്ര പേ ഉണ്ടെന്ന് പരിശോധന നടത്തി ആവശ്യകത നിർണ്ണയിച്ചതായി കാണുന്നില്ല.

3) തെരുവുവിളക്കുപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം തൻ വർഷം 1000 ബൾബുകളിൽ 570 ബൾബുകൾ വിതരണം ചെയ്തുവെന്നും പദ്ധതിയുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 972 ബൾബുകൾ വിതരണം ചെയ്ത രേഖപ്പെടുത്തിയിരിക്കുന്നു. ബാലൻസ് സ്റ്റോക്ക് പരിശോധിച്ചപ്പോൾ 26 ബ മാത്രമേ അവശേഷിക്കുന്നതായി കാണുന്നുള്ളൂ.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിയ്ക്ക് (22/10.12.24) ബിൽ പ്രകാരമുള്ള ബൾബുകളുടെ വാർഡ് മെമ്പർമാർ നൽകിയിട്ടുള്ള ബൾബുകളുടെ എണ്ണവും വ്യത്യാസപ്പെ ക്ലറിക്കൽ തെറ്റാണോയെന്ന് പരിശോധിക്കുന്നതാണെന്നും മെയിൻ സ്റ്റോക്ക് പ്രകാരം 2 ബൾബുകളുടെ കുറവാണ് കാണുന്നതെന്നും ആയത് ക്ലറിക്ക വന്നതായി കണക്കാക്കി പരാമർശം ഒഴിവാക്കി നൽകണമെന്നും മറുപടി ല ബിൽ പ്രകാരമുള്ള ബൾബുകളുടെ എണ്ണവും വാർഡ് മെമ്പർമാർ നൽകി ബൾബുകളുടെ എണ്ണവും തമ്മിൽ വ്യത്യാസം വന്നതിന്റേയും ബാലൻസ് പൊരുത്തപ്പെടാത്തത് സംബന്ധിച്ചും പരിശോധന നടത്തി നി ബോദ്ധ്യപ്പെടേണ്ടതും വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ

കൃത്യമായ ആവശ്യകത നിശ്ചയിക്കാതെ തെരുവ് വിളക്കിന്റെ മെയി പ്രവൃത്തികൾ നൽകുമ്പോൾ ഗ്യാരന്റി ഉള്ള ലൈറ്റുകളും ഉൾപ്പെടുന്നുണ്ടോയെന്നും അവയ്ക്കും കരാറുകാരന് തുക ന വരുന്നുണ്ടോയെന്നും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ഓരോ വാർഡിലും പ്ര രഹിതമായ ബൾബുകൾ ഉള്ള എത്ര പോസ്റ്റുകൾ ഉണ്ടെന്ന് പരിശോധന ആവശ്യകത നിർണ്ണയിക്കേണ്ടതും പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുമ്പോ കേടായ ഉപകരണങ്ങൾ എന്ത് ചെയ്യുന്നു എന്നത് സംബന്ധച്ച് കരാറിലും നോട്ടീസിലും വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുമാണ്.

അപാകതകൾ പൂർണ്ണമായും പരിഹരിക്കുന്നത് വരെ 333510/- (135000+198510) ( ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-37 ആസ്തി സംരക്ഷണം- ഗ്രാമപഞ്ചായത്തിന്റെ പേരിലേയ്ക്ക് മാ ആസ്തിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം</u>

ഗ്രാമപഞ്ചായത്ത് കമ്മറ്റി, വിവിധ കമ്മറ്റി തീരുമാനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമെടുത്ത വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

**1)12-5-23 ലെ 14/1 നമ്പർ തീരുമാനം**

ടി വി പുരം ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ കൊച്ചുകാട്ടിത്തറ മുതൽ പള്ള വരെയുള്ള 115 മീറ്റർ നീളവും 3 മീറ്റർ വീതി യും ഉള്ള റോഡ് ആ ഉൾപ്പെടുത്തണമെന്ന് സൂചിപ്പിച്ച് പ്രദേശ വാസികൾ നൽകിയ അപേക്ഷ ഓവ ഫീൽഡ് പരിശോധിച്ച് റിപ്പോർട്ട് നൽകിയിയത് പഞ്ചായത്ത് കമ്മറ്റി വി പരിശോധിച്ച് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**2)12-5-23 ലെ 15/1 നമ്പർ**

ടി.വി പുരം ഗ്രാമപഞ്ചായത്ത് 11-ാം വാർഡ് പയ്യൂർ റോഡ്-2 നിവാസികൾ - പയ്യ -2 എന്ന പേരിൽ റോഡിന് സ്ഥലം നൽകുകയും ടി സ്ഥലം ഓവർസീയർ അ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളത് പഞ്ചായത്ത് കമ്മററി വിശദമായി പരി ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

മേൽപറഞ്ഞ രണ്ട് തീരുമാനങ്ങൾക്ക് പുറമെ വിവിധ തീയതികളിൽ മറ്റ് റോ സമാനരീതിയിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെ തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ രജിസ്ട്രേഷൻ നടപടിക ഗ്രാമപഞ്ചായത്തിന്റെ പേരിൽകൂട്ടി ലഭ്യമായിരുന്നോയെന്നും ആ അടിസ്ഥാനത്തിൽ ആസ്തിയിൽ ഉൾപ്പെടുത്തിയിരുന്നോയെന്നതും വ്യക്തമാ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/10-12-24) ലഭ്യമാക്കിയിരുന്നില്ല. ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന സ്ഥലങ്ങൾ, റോ എന്നിവ രജിസ്ട്രേഷൻ നടപടികളിലൂടെ ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂ നടപടി സ്വീകരിക്കേണ്ടതും ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-38 മൺപണി മാത്രമുള്ള പ്രൊജക്റ്റിന് ജിഎസ് ടി കോമ്പൻസേഷ അധിക നിരക്കിൽ നൽകി -9870 രൂപ നഷ്ടം

